# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3410 — 10.12.2018-ൽ മറുപടിക്ക്

### കായംകുളം ഫിഷിംഗ് ഹാർബറിലെ ബ്രേക്ക് വാട്ടർ സംവിധാനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ആർ. രാമചന്ദ്രൻ | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കായംകുളം ഫിഷിംഗ് ഹാർബറിലെ ബ്രേക്ക് വാട്ടർ സംവിധാനം തകർന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഇവിടെയുണ്ടാകുന്ന അപകടങ്ങൾ നിയന്ത്രിക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ബ്രേക്ക് വാട്ടറിന്റെ ടിപ്പ് തകർന്നിട്ടുള്ളതിനാൽ അറ്റകുറ്റപണികൾ നടത്തി പുലിമുട്ട് പുനഃസ്ഥാപിക്കുന്നതിനായി 8.44 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി നബാർഡ് RIDF XXIV ൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, കായംകുളം ഫിഷിംഗ് ഹാർബറിനോടനുബന്ധിച്ച് ഗ്രോയിനുകൾ നിർമ്മിക്കുന്നതിന് KIIFB യിലുൾപ്പെടുത്തി 272 ലക്ഷം രൂപയുടെ ഭരണാനുമതി തത്വത്തിൽ അംഗീകരിച്ച് നല്കിയിട്ടുണ്ട്. ആയതിന്റെ DPR ന് KIIFB അംഗീകാരവും ലഭിച്ചുകഴിഞ്ഞു.<br>അപകടങ്ങൾ ഒഴിവാക്കുന്നതിന് തകർന്ന പുലിമുട്ടിനു മുന്നിലായി ബോയ് (BUOY) സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മറൈൻ എൻഫോഴ്സിന്റെ നിരീക്ഷണവും ഉണ്ട്. |
| (ബി) | 2017 ജനുവരി 1 മുതൽ 2018 ജൂലൈ 31 വരെ കായംകുളം ഫിഷിംഗ് ഹാർബറിലും അഴിമുഖത്തുമായി എത്ര അപകടങ്ങൾ നടന്നിട്ടുണ്ടെന്നും എത്ര മത്സ്യതൊഴിലാളികൾ ഇവിടെ അപകടത്തിൽ മരിച്ചിട്ടുണ്ടെന്നും വിശദീകരിക്കാമോ; | (ബി) | കായംകുളം പൊഴിയുടെ അഴിമുഖത്ത് 03-07-2017 ൽ അപകടം ഉണ്ടായിട്ടുണ്ട്. എന്നാൽ അഴിമുഖത്തിന്റെ ആഴക്കുറവ്കൊണ്ടോ ഹാർബറിലെ മറ്റ് കാരണങ്ങൾ കൊണ്ടോ അപകടം ഉണ്ടായിട്ടില്ല.<br>16-08-2017-ൽ വള്ളത്തിൽ നിന്നും വാർഫിലേയ്ക്ക് കയറിയ മത്സ്യത്തൊഴിലാളി കാൽ വഴുതി വെള്ളത്തിൽ വീണ് മരണമടഞ്ഞിരുന്നു. |
| (സി) | ഫിഷിംഗ് ഹാർബറിലും അഴിമുഖത്തും പ്രകാശം ലഭിക്കുന്നതിനാവശ്യമായ ഇലക്ട്രിക് ലൈറ്റുകൾ സ്ഥാപിക്കുമോ; വിശദീകരിക്കാമോ? | (സി) | ഫിഷിംഗ് ഹാർബറിൽ പ്രകാശം ലഭിക്കുന്നതിനാവശ്യമായ ഇലക്ട്രിക്ക് ലൈറ്റുകൾ നിലവിൽ സ്ഥാപിച്ചിട്ടുണ്ട്. തകരാറിലായിട്ടുള്ള ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>അഴിമുഖത്ത് പ്രകാശം ലഭിക്കുന്നതിനായി വലിയഴീക്കൽ പുലിമുട്ടിൽ സിഗ്നൽ ലൈറ്റ് സ്ഥാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അഴീക്കൽ പൊഴിമുഖത്ത് സിഗ്നൽ ലൈറ്റ് തകർന്ന് വീണതിനാൽ ബോട്ടുകൾക്കും വള്ളങ്ങൾക്കും ഹാർബറിനുള്ളിൽ പ്രവേശിക്കുന്നതിനായി നിലവിൽ പുലിമുട്ടിന്റെ അഗ്രഭാഗത്ത് ബോയ് (BUOY) സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ